"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.സി.കെ.തമ്പാൻ, ഉള്ളംകല്ല്, പരപ്പ, വെള്ളരിക്കുണ്ട്, പെരിയങ്ങാനം.പി.ഒ, കാസർഗോഡ് സമർപ്പിച്ച അപ്പീൽ ഹർജി- തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

G.O.(Rt)No.703/2026/ID തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 8/8/2025 ലെ DOKAS/381/2023-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ. സി.കെ തമ്പാൻ 3/10/2025 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 15/6/2026 ലെ ഡിഎംജി/2993/2025- എം6 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കാസർഗോഡ് ജില്ല വെള്ളരിക്കുണ്ട് താലൂക്കിൽ കരിന്തളം വില്ലേജിൽ 27/PT 40 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് നിന്നും ഖനനം ചെയ്ത് നീക്കിയ 3525 ക്യൂബിക്ക് മീറ്റർ ചെങ്കല്ലിൽ നിന്നും പാഴായിപോയ അളവ് കുറച്ച് ബാക്കി 2467.50 ക്യൂബിക്ക് മീറ്റർ ചെങ്കല്ലിന് റോയൽറ്റിയിനത്തിൽ 1,48,050/- രൂപയും (ക്യൂബിക്ക് മീറ്ററിന് 60 രൂപ നിരക്കിൽ), വിലയിനത്തിൽ 296100/- രൂപയും ( റോയൽറ്റിയുടെ 2 ഇരട്ടി), കോംപൌണ്ടിഗ് ഫീ ഇനത്തിൽ 25000/- രൂപയും ചേർത്ത് ആകെ 469150/- രൂപ (നാല് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നൂറ്റി അമ്പത് രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിനും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ച് പരാമർശം (1)പ്രകാരം കാസർഗോഡ് ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീ.സി.കെ.തമ്പാൻ, സമർപ്പിച്ച അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽകക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ അഡീഷണൽ സെക്രട്ടറി 17/6/2026 ന് നേരിൽ കേട്ടു.

2. ഹീയറിംഗ് വേളയിൽ അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

അപ്പീൽ കക്ഷി 2011 ൽ ഈ വസ്തു വിലക്ക് വാങ്ങിയതാണെന്നും, 13/7/2015 മുതൽ 2021 വരെ ചെങ്കൽ ഖനനം നടത്തുന്നതിന് റോയൽറ്റി ഒടുക്കി പെർമിറ്റ് എടുത്തിട്ടുണ്ടെന്നും എന്നാൽ 2019 ലെ കോവിഡ് കാരണം അനുമതി ലഭ്യമായതുപോലും ഖനനം നടത്തിയിട്ടില്ലെന്നും അനധികൃത ഖനനമെന്ന് ആരോപിച്ച് നോട്ടീസ് നല്കിയിരിക്കുന്നതിൽ പറഞ്ഞിരിക്കുന്ന അളവ് കക്ഷി വിലക്ക് വാങ്ങുന്നതിന് മുമ്പുള്ള ഉടമസ്ഥൻ ഖനനം നടത്തിയതാണെന്നും കക്ഷിയുടെ സാന്നിദ്ധ്യത്തിലല്ല ജിയോളജിസ്റ്റ് അളവെടുത്തതെന്നും അളവ് ശരിയല്ലെന്നും അതിനാൽ ഡിമാന്റ് നോട്ടീസ് റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടു.

3. അപ്പീൽ അപേക്ഷയിൽമേൽ ഡി.എം.ജി ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

സർവ്വേ നമ്പർ 27/pt40 ൽപ്പെട്ടതും ശ്രീ. സി.കെ തമ്പാൻ S/o കുമാരൻ, തുള്ളംകല്ല്, പെരിങ്ങാനം പി.ഒ, കാസർഗോഡ് ജില്ല എന്നവരുടെ കൈവശാവകാശത്തിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതായി 22.03.2033 തീയതയിലെ 37/2023/PR (2) നമ്പർ കത്ത് മുഖേന കരിന്തളം വില്ലേജ് ആഫീസർ കാസർഗോഡ് ജില്ലാ ആഫീസിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആഫീസിൽ നിന്നും റവന്യൂ വകുപ്പുമായി ചേർന്ന് 25/04/2023 തീയതയിൽ സംയുക്തമായി സ്ഥലപരിശോധന നടത്തിയിരുന്നു. പരിശോധനയിൽ പരാമർശ സ്ഥലത്തു നിന്നും 3 പ്ളോട്ടുകളിലായി 8025 ക്യൂബിക് മീറ്റർ (2625+3600+1800) ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി ബോധ്യപ്പെട്ടിരുന്നു. മേൽ സ്ഥലത്തുനിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതിന് കാരണം എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കുന്നതിന് സ്ഥലമുടമയെ ശ്രീ. സി.കെ തമ്പാന് 03.10.2023 തീയതിയായി കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. 11.10.2023 തീയതിയിൽ സ്ഥലമുടമ നല്കിയ മറുപടിയിൽ കൃഷി ആവശ്യത്തിനായാണ് ചെങ്കല്ല് നീക്കം ചെയ്തതെന്ന് അറിയിച്ചിരുന്നു. ടി മറുപടി നിയമപരമായി അംഗീകരിക്കാനാകാത്തതിനാൽ, മേൽ സ്ഥലത്തുനിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി കണ്ടെത്തിയ 8025 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ നിന്നും പാഴായിപ്പോയ ചെങ്കല്ലിന്റെ അളവ് 30% കുറച്ച് ബാക്കി 5617.5 ക്യൂബിക് മീറ്റർ ചെങ്കല്ലിന് ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 3,37,050/- രൂപ റോയൽറ്റിയും, വിലയിനത്തിൽ 6,74,100/- രൂപ (റോയൽറ്റിയുടെ 2 മടങ്ങ് ) യും, കോംമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 1,00,000/- രൂപയും കൂടി ആകെ 11,11,150/- രൂപ (പതിനൊന്ന് ലക്ഷത്തി പതിനൊന്നായിരത്തി നൂറ്റി അമ്പത് രൂപ മാത്രം) സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് 04.10.2024 തീയതിയിൽ രജിസ്റ്റേർഡ് ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 04.12.2024 തീയതിയിൽ സ്ഥലമുടമ കേൾക്കുന്നതിന് 29.11.2024 തീയതിയായി ഹീയറിംഗ് നോട്ടീസ് നല്കിയിരുന്നു. 04.12.2024 തീയതിയിൽ നടത്തിയ ഹിയറിംഗിൽ ടി സ്ഥലത്ത് മുമ്പ് ഖനനാനുമതിയോട് കൂടി ചെങ്കല്ല് ഖനനം ചെയ്തതാണെന്നും, 2023 വർഷത്തിൽ ജലസംഭരണി നിർമ്മാണം നടത്തുന്നതിന് വീണ്ടും ചെങ്കല്ല് ഖനനം ചെയ്യുമ്പോൾ വിജിലൻസ് കണ്ടെത്തുകയും ചെയ്തതാണെന്ന് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആഫീസിൽ നിന്നും ക്വാറിയിംഗ് പെർമിറ്റ് സമ്പാദിച്ച 4500 ക്യൂബിക് മീറ്റർ ചെങ്കല്ലിന്റെ അളവ് കിഴിച്ച് ബാക്കിയായ 3525 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ നിന്നും പാഴായപ്പോയ ചെങ്കല്ലിന്റെ അളവ് 30% കുറച്ച് ബാക്കി 2467.50 ക്യൂബിക് മീറ്റർ ചെങ്കല്ലിന് മീറ്ററിന് 60/- രൂപ നിരക്കിൽ 1,48,050/- രൂപ റോയൽറ്റിയും, വിലയിനത്തിൽ 2,96,100/- രൂപ (റോയൽറ്റിയുടെ 2 മടങ്ങ്) യും, കോംമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 25,000/- രൂപയും കൂടി ആകെ 4,69,150/- രൂപ (നാല് ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി നൂറ്റി അമ്പത് രൂപ മാത്രം ) സർക്കാരിലേക്ക് ഒടുക്കുന്നതിന് 08.08.2025 തീയയയിൽ ഡിമാന്റ് നോട്ടീസ് പുനർനിർണ്ണയിച്ച് നല്കിയിരുന്നു. ഡിമാന്റ് തുക നിശ്ചിത സമയ പരിധിക്കകം സർക്കാരിലേയ്ക്ക് ഒടുക്കാത്തതിനെ തുടർന്ന് 26.03.2026 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ ജിയോളജിസ്റ്റ് 214/2025-26/DOKAS-DMG/381/2023-M നമ്പർ നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി ഉത്തരവ് പുറപ്പെടുവിച്ചതിനെതിരെ സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചതിനാൽ റവന്യൂ റിക്കവറി റിക്വിസിഷൻ ഫയൽ ചെയ്തിട്ടില്ല എന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

4. അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിന്റെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. അപ്പീൽ കക്ഷി ചെങ്കല്ല് അനധികൃതമായി ഖനനം നടത്തി നീക്കം ചെയ്യുന്നതായി കരിന്തളം വില്ലേജ് ഓഫീസർ 22.03.2023-ൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആഫീസിൽ നിന്നും റവന്യൂ വകുപ്പുമായി ചേർന്ന് 25/04/2023 തീയതിയിൽ സംയുക്തമായി നടത്തിയ സ്ഥലപരിശോധനയിൽ പരാമർശ സ്ഥലത്തു നിന്നും 3 പ്ളോട്ടുകളിലായി 8025 ക്യൂബിക് മീറ്റർ (2625+3600+1800) ചെങ്കല്ല് അനധികൃതമായി ഖനനം

ചെയ്ത് നീക്കം ചെയ്തതായി ബോധ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് കാരണം കാണിക്കൽ നോട്ടീസ് നല്കിയപ്പോൾ കൃഷി ആവശ്യത്തിനായി ചെങ്കല്ല് ഖനനം നടത്തി നീക്കം ചെയ്തുവെന്ന് അപ്പീൽ കക്ഷി മറുപടിയും നല്കിയിട്ടുണ്ട്. മാത്രവുമല്ല കക്ഷിയെ ജിയോളജിസ്റ്റ് ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് എടുത്ത അളവ് കുറവുചെയ്ത് 30% വേസ്റ്റേജും കുറവ് ചെയ്താണ് 8/8/2025 ൽ ഡിമാന്റ് നോട്ടീസ് പുനർനിർണ്ണയിച്ച് നല്കിയത്. ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പുള്ളതായി കാണുന്നില്ല. അതിനാൽ അനധികൃത ഖനനം നടത്തി നീക്കം ചെയ്ത അളവിന് കെ.എം.സി.സി ചട്ടം 108 (2) പ്രകാരം പെനാൽറ്റി ഒടുക്കുവാൻ അപ്പീൽ കക്ഷി ബാധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ 8/8/2025 ൽ ജിയോളജിസ്റ്റ് നല്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതിൻ പ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിയും പരാമർശം (2) പ്രകാരം ശ്രീ. സി.കെ തമ്പാൻ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY

ശ്രീ.സി.കെ.തമ്പാൻ, ഉള്ളംകല്ല്, പരപ്പ, വെള്ളരിക്കുണ്ട്, പെരിയങ്ങാനം.പി.ഒ, കാസർഗോഡ് 671 314
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കാസർഗോഡ്
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/283/2025-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 06-07-2026 16:23:50